വിറ്റഴിക്കപ്പെടുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വാർഷിക കണക്കുകൾ

212 (552) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ഡീസൽ, പെട്രോൾ, മണ്ണെണ്ണ, പാചകവാതകം, എന്നിവയുടെ ഏറ്റവും ഒടുവിലത്തെ വാർഷിക കണക്കുകൾ ധനവകുപ്പിന് വിശദമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റെയും ഉപഭോഗത്താൽ ശരാശരി എത്ര ശതമാനം വർദ്ധന ഓരോ വർഷവും സംസ്ഥാനത്തുണ്ടാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഇവ ഓരോ ഇനത്തിലും സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയ നികുതി ഇനത്തിൽ മുൻവർഷം(2013-14) ലഭിച്ച വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) ഇവ ഓരോ ഇനത്തിലും തന്നാണ്ടിൽ പ്രതീക്ഷിക്കുന്ന നികുതി വരുമാനം വിശദമാക്കാമോ ;

(ഇ) ഓരോന്നിന്റെയും നിലവിലുള്ള നികുതി നിരക്കുകൾ വിശദമാക്കാമോ; ഇതിൽ സംസ്ഥാനം ഈടാക്കുന്ന അധികനികുതി നിരക്കെത്ര യാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

കോൺട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവ്

213 (553) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്ന കോൺട്രാക്ടർമാർക്ക് നൽകുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ്;

(ബി) ഈ വർഷം കൊണ്ടുവന്ന ഓർഡിനൻസ് വഴി കോൺട്രാക്ടർമാർക്ക് ലഭിക്കുന്ന നികുതി ഇളവുകൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(സി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കേ കോൺട്രാക്ടർമാർക്ക് പ്രത്യേകമായി നികുതിയിളവുകൾ നൽകിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ സാഹചര്യം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോൺട്രാക്ടർമാരുടെ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടനയിൽ കേരള ധനകാര്യനിയമം 2014 പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്രവിൽപ്പന നികുതി നിയമങ്ങൾ കീഴിലുള്ള രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർ തുകയുടെ 6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നുംവാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6 (2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഗവൺമെന്റ് കരാറുകാരുടെ നികുതി കോമ്പൗണ്ടഡ് 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിച്ചിരുന്നു. ഇവർക്ക് യാതൊരുവിധ നികുതിയിളവുകളും ധനകാര്യ നിയമം 2014 പ്രകാരം നൽകിയിരുന്നില്ല.

(ബി&സി) 2014-ലെ ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെ തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ.

നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്തതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടും കോൺട്രാക്ടർമാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവുവരുത്തുകയും വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കാരാർ പണിക്കാരുടെ കോമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തിക്കൊണ്ട് ഓർഡിനസ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7% ആയും 4% എന്നത് 5% ആയും 3 ശതമാനം എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ ന്യൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. വാങ്ങൽ നികുതി ഒഴിവാക്കിയതിനെ തുടർന്നുണ്ടാകാവുന്ന റവന്യൂ നഷ്ടം കോമ്പൗണ്ട് നികുതി 1% ഉയർത്തിയതിലൂടെ പരിഹരിക്കുമെന്നതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.